നം.കെ.എസ്.എ-കെ.ടി.എം.പി4-1397/2019 തീയതി : 10.10.2019

# കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ **മരങ്ങാട്ടുപിള്ളി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.3.19 മുതൽ 31.7.19 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 04.09.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ സാബു സി. ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.08.2019 മുതൽ 05.09.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അനിതാകുമാരി കെ.എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി. നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷീല വി.ആർ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോഷി തോമസ് | ഓഡിറ്റർ |
| | ശ്രീ.ബിനീത് രാജൻ | ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ഡോ.റാണി ജോസഫ് | 01.04.2018 മുതൽ 2.06.2018 വരെ |
| | ശ്രീമതി സിൽബി ജെയ്സൺ | 03.06.2018 മുതൽ 01.07.2018 വരെ |
| | ശ്രീമതി ആൻസമ്മ സാബു | 02.07.18 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ഡോ.ഷീബ സ്റ്റീഫൻ | 01.04.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി റീന കുര്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി റാണി തണ്ടാർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. മുഹമ്മദ് ജിജി ടി.എം. | 1.4.2018 മുതൽ 27.6.2018 വരെ |
| | ഡോ.ജെയ്മി ജെയ്സൺ | 28.06.2018 മുതൽ 14.03.2019 വരെ |
| | ഡോ.രഞ്ജിത് ജോസഫ് | 15.03.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷീബ സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.പ്രീതി ജി. നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ആനി | 01.04.2018 മുതൽ 31.07.2018 വരെ |
| | ഡോ.വേണുകുമാർ | 1.8.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സുരേഷ് കുമാർ പി.കെ. | 01.04.2018 മുതൽ 30.06.2018 വരെ |
| | ശ്രീമതി സുജാത കെ.കെ. | 1.7.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ., കുറിച്ചിത്താനം | ശ്രീ.സനൽ എസ്. | 01.04.2018 മുതൽ 23.12.2018 വരെ |
| വി.ഇ.ഒ., മരങ്ങാട്ടുപള്ളി | ശ്രീ.വിമൽകുമാർ വി.വി. | 01.04.2018 മുതൽ 30.07.2018 വരെ |
| | | 19.11.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷെറിൻസ് ജോർജ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.സനീഷ് കെ.ബി. | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജമനി ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണം |
| 1-5 | ക്യാഷ് പരിശോധന |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും വിശകലവും |
| 1-8 | സാംഖ്യ രസീതുകളുടെ വിനിയോഗവും സൂക്ഷിപ്പും-അപാകതകൾ |
| 1-9 | അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് |
| 1-10 | തൊഴിൽനികുതി പിരിവ്-സമഗ്രമല്ല |
| 1-11 | സംരംഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 1-12 | വാടക-നടപടിക്രമങ്ങൾ പാലിക്കുന്നില്ല |
| 1-13 | തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾ-വിനിയോഗ വിവരം ലഭ്യമല്ല |
| 1-14 | തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്-കുടിശ്ശിക അടവാക്കിയത് സംബന്ധിച്ച് |
| 1-15 | വെള്ളക്കരം-പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുന:നിർണ്ണയിക്കേണ്ടതാണ് |
| 1-16 | ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം വിഹിതം കുറവായി അടക്കുന്നു |
| 1-17 | എൻപിഎസ് വിഹിതം ഈടാക്കി അടവാക്കുന്നില്ല |
| 1-18 | നിക്ഷേപപ്രവൃത്തികൾ-അപാകതകൾ |
| 1-19 | ഭവനനിർമ്മാണ വായ്പ തിരിച്ചടവിൽ കാലതാമസം-പലിശയിനത്തിൽ വൻതുക ബാദ്ധ്യത |
| 1-20 | സാംസ്കാരിക നിലയത്തിലേക്ക് വാങ്ങിയ ടെലിവിഷൻ സ്ഥാപിച്ചിട്ടില്ല |
| | |

| | |
|---|---|
| 1-21 | ആശ്രയ പദ്ധതി-വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു |
| 1-22 | ബാലസഭ പ്രവർത്തനങ്ങൾ-അധികമായി തുക ചെലവഴിച്ചു |
| 1-23 | വൃദ്ധജനങ്ങൾക്ക് പരിരക്ഷ-പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 1-24 | മരുന്നുകൾ ലഭിച്ചിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-25 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-സംബന്ധിച്ച് |
| 1-26 | ബാരൽവില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല |
| 1-27 | വിട്ടു കിട്ടിയ സ്ഥലം നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ ആസ്തിയിലാക്കിയിട്ടില്ല |
| 1-28 | ഹരിതകേരളം മാലിന്യനിർമ്മാർജ്ജന പരിപാടി-ആത്യന്തികലക്ഷ്യം കൈവരിച്ചിട്ടില്ല |
| 1-29 | കൈമാറിക്കിട്ടിയ സ്കൂളുകളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല |
| 1-30 | ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ ഇല്ല |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ ഇല്ല |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | |

| | |
|---|---|
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്.</u>

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ 2/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 47,97,943 | 94,75,319 |
| വരവ് | 9,93,72,440 | 5,66,76,975 |
| ആകെ | 10,41,70,383 | 6,61,52,294 |
| ചെലവ് | 10,23,71,176 | 5,17,52,771 |
| നീക്കിയിരിപ്പ് | 17,99,207 | 1,43,99,523 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ **4.27** കോടി രൂപയുടേയും ബജറ്റ് പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ **5.06** കോടി രൂപയുടേയും വ്യതിയാനം ഉണ്ടായിട്ടുള്ളതിനാൽ ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കിയിട്ടുള്ളതല്ല എന്ന് വ്യക്തമാണ്.

## 1-2 ഫണ്ട് വിനിയോഗം

**എ)**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,33,91,000 | 1,33,91,000 | 1,33,91,000 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 20,26,000 | 20,26,000 | 20,26,000 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1,00,000 | 1,00,000 | 1,00,000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 62,63,000 | 62,63,000 | 62,63,000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ | 0 | 27,80,000 | 27,80,000 | 27,80,000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 59,84,000 | 59,84,000 | 59,63,900 | 20,100 | 99.66 |
| എം.ജി.എൻ. ആർ.ഇ.ജി. എസ്. | 2,453 | 1,05,95,440 | 1,05,97,893 | 1,05,93,647 | 4,246 | 98.36 |
| ബി ഫണ്ട് | 0 | 3,75,400 | 3,75,400 | 3,75,400 | 0 | 100 |
| തനതു ഫണ്ട് | 0 | 1,22,15,002 | 1,22,15,002 | 51,16,843 | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,90,586 | 79,37,734 | 77,47,148 | 43,50,868 | 33,96,280 | 56.16 |

**ബി) <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 2,453 | 2,57,043 | 2,59,496 | 2,55,250 | 4,246 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,03,38,397 | 1,03,38,397 | 1,03,38,397 | 0 |
| **ആകെ** | **2453** | **1,05,95,440** | **1,05,97,893** | **1,05,93,647** | **4,246** |

**സി) <u>ക്ഷേമപെൻഷനുകളുടെ വിവരം</u>**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 30,91,200 | 245 |
| വിധവാപെൻഷൻ | 56,79,700 | 471 |
| വാർദ്ധക്യകാല പെൻഷൻ | 1,52,98,300 | 1217 |
| വികലാംഗ പെൻഷൻ | 19,79,700 | 161 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,86,000 | 26 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3,30,000 | 11 |
| തൊഴിൽ രഹിത വേതനം | 20,400 | 14 |

*തനതുഫണ്ട് വരവ്/ചെലവ് തുകകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തനതുഫണ്ട് അക്കൗണ്ടുകളിൽ തനതുഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ തനതുഫണ്ടിന്റെ മാത്രമായ നീക്കിയിരിപ്പ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

# 1-3 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 11.2.19 ലെ ഉത്തരവ് നം.490/19/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 5,08,90,011 രൂപയും ആകെ ചെലവ് 4,01,78,969 രൂപയുമാണ്. ചെലവുശതമാനം 79%. 32 സ്പിൽഓവർ പ്രോജക്ടുകളും 136 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 168 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 144 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 16.2.18 മുതൽ 24.2.18വരെ |
| ഭിന്നശേഷി ഗ്രാമ സഭ | 28.02.18 |
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 29.01.18, 5.2.18, 6.3.18 |
| വികസനസെമിനാർ | 6.03.18 |

2018-19 വാർഷികപദ്ധതി രൂപീകരണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരമുള്ള മേല്പറഞ്ഞ പ്രാഥമിക നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. എല്ലാ മേഖലകളിലും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പതിവുപ്രോജക്ടുകൾ എന്നതിലുപരി മാതൃകാപരമായതോ, എടുത്തുപറയത്തക്കതായോ ഉള്ള പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനമാക്കിയുള്ള വിഭജനത്തിലുപരി പഞ്ചായത്തിനെ ഒറ്റയൂണിറ്റായി കണ്ട് സമഗ്രവികസനം ലക്ഷ്യമാക്കി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ മരാമത്ത്പ്രവൃത്തികളധികവും ചെറുതും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം മാത്രം സാധ്യമായവയുമായിരുന്നു. കൈമാറിക്കിട്ടിയ സ്കൂളുകളുടെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. സ്കൂൾകെട്ടിടങ്ങൾ പലതും ജീർണ്ണിച്ച് നാശോന്മുഖമായ അവസ്ഥയിലാണ്. ആണ്ടൂർ ഗവ എൽ.പി. സ്കൂളിൽ ക്ലാസ് മുറിയിൽ പ്രവർത്തിക്കുന്ന അങ്കണവാടി അനുയോജ്യമായ സ്ഥലം കണ്ടെത്തി മാറ്റുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല. അങ്കണവാടി മാറ്റിയെങ്കിൽ മാത്രമേ സ്കൂളിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയുള്ളുവെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പോലും ഉചിതമായ തീരുമാനമെടുക്കാൻ ഭരണസമിതിയ്ക്ക് സാധിച്ചിട്ടില്ല. സ്മാർട്ട് ക്ലാസ്സും ഉൾപ്പടെയുള്ള പഠനസൗകര്യങ്ങൾ സജ്ജമാക്കേണ്ട സ്കൂളുകൾക്ക് പര്യാപ്തമായ കെട്ടിടസൗകര്യം ഉണ്ടാക്കുന്നതിന് വാർഷികപദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടില്ല. ഇക്കാര്യങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാവിശകലനം നടത്തി ആവശ്യമായ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ വാർഷികപദ്ധതിരൂപീകരണത്തിൽ ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പുകൾ, ആസൂത്രണസമിതി, ഭരണസമിതി തുടങ്ങിയ സംവിധാനങ്ങളുടെ ഏകോപിച്ചുള്ള വിലയിരുത്തലുകളും തീരുമാനങ്ങളും ഉണ്ടാകേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല.

<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-4 ആഭ്യന്തര നിയന്ത്രണം

സെക്ഷനുകൾ ചെയ്യുന്ന ജോലികൾ കൃത്യമായി നിരീക്ഷിക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും ചെയ്യുന്ന മേൽനോട്ടസംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ട്. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. നികുതികൾ പിരിച്ചെടുക്കുന്നതിലും വരുമാനം വർദ്ധിപ്പിക്കുന്നതിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ചെലവുകൾ നിയന്ത്രിക്കുന്ന കാര്യത്തിൽ സൂക്ഷ്മത പുലർത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഉത്തമസാമ്പത്തികതാല്പര്യവും പൊതുജനക്ഷേമവും മുൻനിർത്തി ശക്തമായ തീരുമാനങ്ങളെടുക്കാൻ ഭരണസമിതിയ്ക്ക് സാധിക്കാത്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുള്ളതായി മിനിറ്റ്സ് ബുക്കിന്റെയും അനുബന്ധരേഖകളുടെയും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഉചിതമായ തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനും ഭരണസമിതിയ്ക്ക് സാധിക്കാതെ വന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. ആണ്ടൂർ ഗവ എൽ.പി. സ്കൂളിന്റെ ക്ലാസ് മുറിയിൽ പ്രവർത്തിക്കുന്ന അങ്കണവാടിക്കെട്ടിടം അനുയോജ്യമായ സ്ഥലത്തേയ്ക്ക് മാറ്റുന്നതും കെട്ടിടം പുതുക്കിപ്പണിയുന്നതും സംബന്ധിച്ച കമ്മിറ്റി തീരുമാനങ്ങൾ എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഭരണസമിതിയ്ക്ക് ഇതു സംബന്ധിച്ച് വ്യക്തമായ ബോദ്ധ്യമുള്ളതായി കാണപ്പെട്ടില്ല. കമ്മിറ്റികളിൽ ചർച്ച ചെയ്ത് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് വ്യക്തയില്ലാതെ വരുന്നത് ഭരണസംവിധാനത്തെയും തദ്വാരാ ആഭ്യന്തരനിയന്ത്രണസംവിധാനത്തെയും ദോഷകരമായി ബാധിക്കും. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മേൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റികളുടെ സജീവമായ ഇടപെടൽ ഉണ്ടായിട്ടില്ല. അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5 ക്യാഷ് പരിശോധന

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.9.2019 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8,485/- രൂപ ക്യാഷിന്റെയും 7,000 രൂപ ചെക്കിന്റെയും (ചെക്ക് നം.15724/20.8.19)നീക്കിയിരിപ്പിന്റെ കൃത്യത ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.5.19 | 2019 ഏപ്രിൽ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.2.15-9.3.15 | 2009/10-2013/14 | LBA(HQ)11/8A/2278/2015 dt. 19.5.2015 |

## 1-7 വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും വിശകലനവും

**2018-19** സാമ്പത്തിക വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ ഓഡിറ്റ് നടത്തിയ അവസരത്തിലും അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ.(എം.എസ്.)152/2011 തസ്വഭവ തീ: 26.07.2011 പ്രകാരം ആസ്തികൾ മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.
2. സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകൾ ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. തൻവർഷ കുടിശ്ശികതുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തി I-16 ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല.

# 1-8 സാംഖ്യ രസീതുകളുടെ വിനിയോഗവും സൂക്ഷിപ്പും - അപാകതകൾ

13.10.2011 ലെ സ.ഉ.(എം.എസ്) 246/2011 തസ്വഭവ പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ പണമിടപാടുകൾ സാംഖ്യ സംവിധാനം മുഖേനയാക്കിയിരുന്നു. 22.4.2014 ലെ 48544/എബി-1/13/തസ്വഭവ സർക്കുലറിൽ സാംഖ്യ മുഖാന്തരം പണംപിരിവ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ രസീതുകളുടെ സൂക്ഷിപ്പിലും പരിപാലനത്തിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്രമ നമ്പർ 4680001 മുതൽ 4689000 വരെയുള്ള സാംഖ്യ രസീതുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ആയവ വിതരണം നടത്തിയതിന്റെ വിവരങ്ങൾ രജിസ്റ്ററിലില്ല. മേൽ രസീതുകൾ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. രസീതുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്ത് ഉപയോഗിക്കേണ്ടതാണ്.

2) രസീതുകൾ റദ്ദ് ചെയ്യുമ്പോൾ വ്യക്തമായ കാരണം രേഖപ്പെടുത്തി സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അംഗീകാരം നൽകണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | തീയതി |
|---|---|
| 118030104157 | 18.03.2019 |
| 118030104653 | 30.03.2019 |
| 119030100595 | 04.07.2019 |
| 119030100218 | 16.05.2019 |
| 118030100640 | 10.07.2019 |

3) താഴെപ്പറയുന്ന രസീതുകൾ പ്രകാരം തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവായിട്ടുണ്ട്.

I) 20.03.2019ലെ 118030104215 നമ്പർ രസീത് (2,568/- രൂപ)

II) 21.03.2019ലെ 118030104231 നമ്പർ രസീത് (300/- രൂപ)

എന്നാൽ മേൽ രസീതുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള കാൻസൽഡ് രസീതുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റ് തകരാർ മൂലമാണ് ഇത്തരത്തിൽ ഡേ ബുക്കിൽ വരവായതായി കാണുന്ന തുകകളുടെ രസീതുകൾ കാൻസൽഡ് രസീതുകളുടെ പട്ടികയിൽ ഉൾപ്പെട്ടതെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.പണം വരവായ രസീതുകൾ കാൻസൽ ചെയ്തതായി കാണുന്നത് അപാകതയാണ്.

4) കാൻസൽഡ് രസീതുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള രസീതുകളുടെ കൗണ്ടർ ഫോയിൽ, ഒറിജിനൽ രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 28.03.2019 ൽ മേൽ രസീതുകൾ പ്രിന്റ് നൽകിയതിനു ശേഷം തെളിഞ്ഞു വരാത്തതാണെന്നാണ് പഞ്ചായത്ത് അറിയിച്ചത്.

5) താഴെപ്പറയുന്ന രസീത് റദ്ദാക്കിയതാണ്.

16.05.2019 ലെ 118030100218 നമ്പർ രസീത് ( 443/- രൂപ )

മേൽ രസീത് റദ്ദാക്കിയതിനു കാരണം പ്രിന്റർ ഫാൾട്ട് എന്നാണ് രസീതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രിന്റർ ഫാൾട്ട് മൂലം രസീത് നമ്പർ റദ്ദ് ചെയ്യേണ്ടതില്ല. വിവരണം തെറ്റിയതിനാൽ ആണ് മേൽ രസീത് കാൻസൽ ചെയ്തതെന്നും കാരണം തെറ്റായി രേഖപ്പെടുത്തിയതാണെന്ന് പഞ്ചായത്ത് അറിയിച്ചു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

6) 10.07.2019 ലെ 119030100640 നമ്പർ രസീത് 1/47 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതിയുമായി ബന്ധപ്പെട്ട 340/- രൂപ അടച്ചതുമായി ബന്ധപ്പെട്ടതാണ്. വിവരണം തെറ്റാണ് എന്ന കാരണം കാണിച്ച് മേൽ രസീത് റദ്ദ് ചെയ്തിട്ടുണ്ട്. കെട്ടിട നമ്പർ തെറ്റിയതാണെന്ന് പഞ്ചായത്ത് മറുപടി നൽകി. ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7) ഉപയോഗിക്കാത്ത രസീതുകളുടെ സ്റ്റേഷണറി കൃത്യമായി റദ്ദ് ചെയ്ത് സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I) 4686093

II) 46860201
III) 4686221
IV) 4686354
V) 4685137

പല സ്റ്റേഷണറി രസീതുകളും യാതൊരും തരത്തിലുള്ള രേഖപ്പെടുത്തലുകളും വരുത്താതെ സൂക്ഷിക്കുന്നതിനു കാരണം വ്യക്തമാകേണ്ടതാണ്. പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-9 അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച്

അനധികൃത കെട്ടിട നമ്പർ നൽകി താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ സഞ്ചയയിൽ അസസ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | വാർഡ്/ യു.എ. നമ്പർ | കെട്ടിട ഉടമയുടെ പേര് | വിസ്തീർണം(ച.മീ.) | കെട്ടിടത്തിന്റെ തരം | 2019-20 വരെയുള്ള ഡിമാന്റ് തുക |
|---|---|---|---|---|---|
| 1 | 1/ 1-UA-2011 | മാമ്മൻ എം.ഡി., ജോൺ, മാണിക്യംകുഴിയിൽ | 109.85 | 100 ച.മീ. ൽ മുകളിൽ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 2,22,866 |
| 2 | 1/2-UA-2011 | മാമ്മൻ എം.ഡി, ജോൺ, മാണിക്യംകുഴിയിൽ | 303.2 | വീടുകൾ | 43,953 |
| 3 | 8/3-UA-2011 | വി.ജെ.ജോർജ് കുളങ്ങര | 989.58 | സ്കൂളുകൾ | 1,84,023 |
| 4 | 8/4-UA-2011 | ” | 2597.27 | സ്കൂളുകൾ | 4,82,979 |
| 5 | 8/5-UA-2011 | ” | 19.86 | ഹോസ്റ്റലുകൾ | 2,660 |
| 6 | 8/6-UA-2011 | ” | 96.4 | സ്കൂളുകൾ | 16,310 |
| 7 | 8/7-UA-2011 | ” | 2870.63 | ഹോസ്റ്റലുകൾ | 3,81,311 |
| 8 | 8/8-UA-2011 | ” | 1080.53 | ഹോസ്റ്റലുകൾ | 1,43,528 |
| 9 | 8/9- | ” | 2062.84 | ഹോസ്റ്റലുകൾ | 2,74,008 |

|  |  |  |  |  |  |
|---|---|---|---|---|---|
|  | UA-2011 |  |  |  |  |
| 10 | 8/10-UA-2011 | ” | 966.84 | ഹോസ്റ്റലുകൾ | 1,28,436 |

ക്രമ നം.1, 2 എന്നീ കെട്ടിടങ്ങൾക്ക് ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം യു.എ. നമ്പർ നൽകിയിട്ടുള്ളതും ആയതിനെതിരെ കെട്ടിട ഉടമ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. ക്രമ നം. 3-10 വരെ കെട്ടിടങ്ങളെ ക്രമ വൽക്കരിക്കുന്നതിന് വേണ്ട നടപടികളാവശ്യപ്പെട്ട് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുള്ളതുമാണെന്ന് മറുപടിയിൽ വ്യക്തമാക്കി. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി സംബന്ധിച്ചും കേസ് ഹൈക്കോടതിയിൽ തുടരുന്നവയാണ്. പഞ്ചായത്ത് പരിധിയിലെ ഇത്രയധികം കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളായി തുടരുന്നവയാണ്. കൂടാതെ പഞ്ചായത്തിന്റെ വസ്തുനികുതി കുടിശ്ശികയിൽ വലിയൊരു ശതമാനം മേൽകെട്ടിടങ്ങൾക്കുള്ള ഡിമാന്റ് തുകയാണ്. ആയതിനാൽ ഇത് സംബന്ധിച്ച കേസ് കൈകാര്യം ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും അധികൃതരുടെ ഭാഗത്തുനിന്നും സത്വരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-10 തൊഴിൽ നികുതി പിരിവ് - സമഗ്രമല്ല

പഞ്ചായത്തിന്റെ ഒരു പ്രധാന തനത് വരുമാനസ്രോതസ്സാണ് തൊഴിൽ നികുതി. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നിയമാനുസൃതമായി നികുതി പിരിച്ചെടുക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

|  |  |
|---|---|
| 1 | ബി.എസ്.എൻ.എൽ., മരങ്ങാട്ടുപള്ളി |
| 2 | ക്ഷീരോൽപാദന സഹകരണ സംഘം, മണ്ണക്കനാട് |
| 3 | ക്ഷീരോൽപാദന സഹകരണ സംഘം, നെല്ലിത്താനത്തുമല |

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

|  |  |
|---|---|
| 1 | സൂര്യഗായത്രി ഫ്യൂവൽസ് |
| 2 | പരിയാനിക്കൽ ടിംബേഴ്സ് |
| 3 | റിയൽ സ്റ്റീൽസ് |
| 4 | ശ്രീധരി ഫാർമസി |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14 ന നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് നികുതി അടവാക്കുന്നതുമായി ബന്ധപ്പെട്ട് കത്ത് നൽകിയതായി അറിയിച്ചു. തൊഴിൽനികുതി ഈടാക്കാതിരുന്നത് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശങ്ങളിൽ ഉണ്ടെങ്കിലും ഈ വിഷയത്തിൽ ക്രിയാത്മകമായി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പരാമർശിത സ്ഥാപനങ്ങൾ/ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 സംരംഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

31.10.17 ലെ സ.ഉ.(പി) നം.80/17/ തസ്വഭവ നം. സർക്കാർ ഉത്തരവ് പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ)ചട്ടങ്ങളിൽ സർക്കാർ ഭേദഗതി വരുത്തിയിരുന്നു. മേൽ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ വേണ്ടത്ര വിജയകരമായിട്ടില്ല.

പല സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി പരിശോധനയിൽ വ്യക്തമായി. ഉദാഹരണമായി പഞ്ചായത്തിന്റെ പരിധിയിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ, മെഡിക്കൽ സ്റ്റോറുകൾ, പൊതുവിതരണ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. തൊഴിൽ നികുതി അടവാക്കുന്ന സഫാരി മൾട്ടിമീഡിയ പോലുള്ള സ്ഥാപനങ്ങളും ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 ന മറുപടി ലഭ്യമാക്കിയില്ല. സംരംഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് നൽകൽ നടപടികൾ നിലവിൽ പ്രാബല്യത്തിലുള്ള നിയമം/ചട്ടങ്ങൾ പാലിച്ച് കാര്യക്ഷമമാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 1-12 വാടക- നടപടിക്രമങ്ങൾ പാലിക്കുന്നില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചിതിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

1) കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട കരാർ ചമയ്ക്കുന്നതിനുള്ള മുദ്രപത്രങ്ങൾ രേഖപ്പെടുത്തലുകൾ വരുത്താതെ സൂക്ഷിക്കുന്നു. ഇപ്രകാരം മുദ്രപത്രങ്ങൾ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല.

2) നിയമാനുസൃതം കരാർ ചമയ്ക്കാതെ V/466-ാം നമ്പർ മുറി അനീഷ് കെ.ജി. എന്നയാൾക്ക് മാറ്റി നൽകി. ഇപ്രകാരം മുറിയുടെ കുത്തകാവകാശം മാറ്റി നൽകിയ നടപടി ഗൗരവസ്വഭാവമുള്ള അപാകതകയാണ്.

3) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ മതിയായ സെക്യൂരിറ്റി നിക്ഷേപം ഈടാക്കുന്നില്ല. 2013 -14 വർഷത്തിൽ ഈടാക്കിയ സെക്യൂരിറ്റി തുകകളുടെ വിവരങ്ങൾ മാത്രമാണ് പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉള്ളത്.

# 1-13 തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾ - വിനിയോഗവിവരം ലഭ്യമല്ല

പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തനതുഫണ്ടിൽനിന്ന് വൗച്ചർ നം.218000409/23.8.2018 ചെക്ക് നം.508826 പ്രകാരം 10,000/- രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ജി4.6322/2018/22.8.2018 കത്തിൽ തുക ലഭ്യമാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിനിയോഗസാക്ഷ്യപത്രം നൽകുന്നതാണെന്നും ടി തുക പിന്നീട് മടക്കി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭിച്ചതു സംബന്ധിച്ചുള്ള വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/3.9.19) വിനിയോഗവിവരം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 1-14 തെരുവു വിളക്കുകളുടെ കറന്റ് ചാർജ്ജ് - കുടിശ്ശിക അടവാക്കിയതു സംബന്ധിച്ച്

പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി. യുടെ ബിൽ പ്രകാരം ഒടുക്കിവരുന്നുണ്ട്. പ്രധാനമായും കെ.എസ്.ഇ.ബി. യുടെ മരങ്ങാട്ടുപിള്ളി സെക്ഷന്റെ കീഴിലാണ് തെരുവുവിളക്കുകൾ അധികവും പ്രവർത്തിക്കുന്നത്. കൂടാതെ, കിടങ്ങൂർ, പാലാ, തുടങ്ങിയ സെക്ഷനുകളുടെ കീഴിലും തെരുവുവിളക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മരങ്ങാട്ടുപിള്ളി സെക്ഷനിൽ മാർച്ച് 2018 ൽ 53,953/- രൂപ തെരുവുവിളക്കുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ അടവാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം എല്ലാ മാസങ്ങളിലും തന്നെ അമ്പതിനായിരത്തിലധികം രൂപ തെരുവുവിളക്കുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ അടവാക്കുന്നുണ്ട്. എന്നാൽ 28.11.2018 വൗച്ചർ നം.21800732 പ്രകാരം 6/2016 മുതൽ 10/2017 വരെയുള്ള കുടിശ്ശികയിനത്തിൽ 1,41,829/- തുക ഒടുക്കിയിട്ടുണ്ട്. പ്രതിമാസം കൃത്യമായി കറന്റ് ചാർജ്ജ് ഒടുക്കിയിട്ടുള്ള സാഹചര്യത്തിൽ കുടിശ്ശിക അടയ്ക്കാനിടയായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/4.9.19) മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ 222 തെരുവുവിളക്കുകളുടെ ചാർജ്ജ് ഈടാക്കിയത് കുറവാണ് എന്നു കാണിച്ച്

കെ.എസ്.ഇ.ബി. ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 1,41,829/- രൂപ അടവാക്കിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ ടി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന എല്ലാ ലൈറ്റുകളും പ്രവർത്തനക്ഷമമല്ലെന്ന് പഞ്ചായത്ത് കമ്മിറ്റി നിരീക്ഷിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത കമ്പനിയുടെ സാമ്പത്തിക താൽപര്യം മുൻനിർത്തി ഉൾപ്പെടുത്തിയിട്ടുള്ള ഓഡിറ്റ് പരാമർശങ്ങൾ വസ്തുതാപരമായി ശരിയല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യം പരിഗണിച്ച് അക്കാര്യം ചൂണ്ടിക്കാട്ടി പരിഹാര നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് അധികൃതർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. എങ്കിലും പ്രവർത്തനക്ഷമമായ ബൾബുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. കൃത്യത ബോധ്യപ്പെടാതെ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടതു പ്രകാരം തുക അടച്ചത് ശരിയായ നടപടിയല്ല. ആയതിനാൽ കുടിശ്ശികയിനത്തിൽ അടച്ച 1,41,829/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സംയുക്ത പരിശോധന അടിയന്തിരമായി നടത്തി തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് കൃത്യത ഉറപ്പാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 വെള്ളക്കരം -പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുന:നിർണ്ണയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 11 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 4813/- രൂപ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം അടവാക്കി വരുന്നു. 26.06.2019 വാട്ടർ അതോറിറ്റിയുമായി ചേർന്ന് പഞ്ചായത്ത് നടത്തിയ സംയുക്തപരിശോധനയിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 7 ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലും പഴയനിരക്കിൽ തന്നെയാണ് തുക അടച്ചുവരുന്നത്. സംയുക്തപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം പുതുക്കി നിർണ്ണയിച്ച് തുടർന്നുള്ള മാസങ്ങളിൽ അധിക ചെലവ് ഒഴിവാക്കുന്നതിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം വിഹിതം കുറവായി അടക്കുന്നു

കാണക്കാരി പഞ്ചായത്തിൽനിന്ന് 23.7.2018 ൽ സ്ഥലംമാറി വന്ന ബിൻസിമോൾ പി.എ. (ക്ലർക്ക്)യുടെ 7/2018 ലെ ശമ്പളത്തിൽ (ശമ്പളനിരക്ക് 19000-43600) നിന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് തുക കുറവ് ചെയ്തിട്ടില്ല. 8/2018 മുതൽ 3/2019 വരെ കാലയളവിൽ വരിസംഖ്യയിനത്തിൽ കുറവ് ചെയ്യുന്നത് 200/- രൂപ പ്രകാരമാണ്. ജി.ഒ.(പി)നം.112/2016/ഫിൻ തീ.01.08.2016 പ്രകാരം 01.09.2016 തീയതി മുതൽ 17000-37500/- ശമ്പളനിരക്കിന് മുകളിലുള്ള ജീവനക്കാരിൽനിന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് വരിസംഖ്യായിനത്തിൽ കുറവ് ചെയ്യേണ്ടത് 400/- രൂപയാണ്. ശ്രീമതി ബിൻസിമോൾ പി.എ.യിൽ നിന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വിഹിതം കുറവായി ഈടാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/3.9.19). തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കുറവായി ഒടുക്കിയ തുക പ്രസ്തുത ജീവനക്കാരിയിൽനിന്ന് ഈടാക്കി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അടവാക്കേണ്ടതും ആയതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-17 എൻപിഎസ് വിഹിതം ഈടാക്കി അടവാക്കുന്നില്ല

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ അടിസ്ഥാനശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 10% ശമ്പളത്തിൽനിന്നും ഈടാക്കി പ്രസ്തുത തുകയും പഞ്ചായത്ത് വിഹിതമായ 10%വും ചേർത്ത് ജീവനക്കാരുടെ എൻപിഎസ്. അക്കൗണ്ടിൽ വീഴ്ച കൂടാതെ അടവാക്കേണ്ടതാണ്. പഞ്ചായത്തിലെ പങ്കാളിത്ത പെൻഷനിലുൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ശമ്പളബില്ലുകൾ പരിശോധിച്ചതിൽ ഡി.എ.കുടിശ്ശിക, ശമ്പളപരിഷ്കരണകുടിശ്ശിക ഉൾപ്പടെയുള്ളവ നൽകുമ്പോൾ നിയമാനുസൃതമായി അടവാക്കേണ്ട വിഹിതം ഈടാക്കി പഞ്ചായത്ത് വിഹിതത്തോടൊപ്പം അടവാക്കുന്നില്ലെന്ന് ബോദ്ധ്യപ്പെട്ടു. ആയതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാർ ഉത്തരവ് നം.84/2018/ഫിൻ. തി.7.6.2018 പ്രകാരം 1.7. 2017 മുതൽ 31.05.2018 വരെ കാലയളവിൽ അനുവദിച്ച ഡിഎ കുടിശ്ശിക ജീവനക്കാർക്ക് ലഭിച്ചപ്പോൾ പങ്കാളിത്ത പെൻഷനിലുൾപ്പെട്ട ജീവനക്കാർക്ക് ലഭിച്ച തുകയും അടവാക്കേണ്ടിയിരുന്ന എൻപിഎസ് വിഹിതവും താഴെ കൊടുക്കുന്നു.

| ക്രം നം. | ജീവനക്കാരന്റെ പേര്, തസ്തിക | ലഭിച്ച ഡിഎ കുടിശ്ശിക | ഈടാക്കേണ്ട എൻപിഎസ്. വിഹിതം | പഞ്ചായത്തുഫണ്ടിൽ നിന്ന് അടവാക്കേണ്ട എൻപിഎസ് വിഹിതം |
|---|---|---|---|---|
| 1. | സിന്ധു ഇ.എസ്. ഓഫീസ് അറ്റൻഡന്റ് | 2,340/- വൗച്ചർ നം. 21800238/ 02.07.2018 | 234/- | 234/- |
| 2. | ശാരി സോമു, ഓഫീസ് അറ്റൻഡന്റ് | 1,830/- വൗച്ചർ നം. 21800238/ 02.07.2018 | 183/- | 183/- |

കൂടാതെ സിന്ധു ഇ.എസ്., ഓഫീസ് അറ്റൻഡന്ററിന്റെ വിവിധ ഗഡുക്കൾ ജി.ഒ.(പി)7/2017/ഫിൻ തീ.20.03.2018 പ്രകാരമുള്ള പേ റിവിഷൻ അരിയർ അനുവദിച്ചതിൽ അടവാക്കേണ്ടിയിരുന്ന എൻപിഎസ് വിഹിതവും ഒടുക്കിയതായി കാണുന്നില്ല(1,196 രൂപ വീതം).

പങ്കാളിത്ത പെൻഷനിലുൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ഡിഎ അരിയർ, പേ റിവിഷൻ അരിയർ എന്നിവയുടെ എൻ.പി.എസ്. വിഹിതം അടവാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/3.09.2019) മറുപടി നൽകിയതിൽ തുക അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാരുടെ ഡിഎ അരിയർ, പേ റിവിഷൻ അരിയർ എന്നിവയുടെ എൻ.പി.എസ്. വിഹിതം, പഞ്ചായത്ത് വിഹിതം എന്നിവ എൻ.പി.എസ്. അക്കൗണ്ടിൽ അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതും തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 നിക്ഷേപപ്രവൃത്തികൾ - അപാകതകൾ

എ) <u>പവർലൈൻ മാപ്പ് തയ്യാറാക്കിയിട്ടില്ല</u>

വൈദ്യുതലൈൻ ദീർഘിപ്പിക്കൽ, സ്ട്രീറ്റ്ലൈറ്റ് മെയിൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി ഓരോ വാർഷികപദ്ധതിയിലും ഭീമമായ തുക വൈദ്യുതബോർഡിൽ നിക്ഷേപിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള പ്രദേശങ്ങളിലെ വൈദ്യുതലൈനുകൾ, സ്ട്രീറ്റ്ലൈറ്റ് ലൈൻ, തുടങ്ങി വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷവും ഏതെല്ലാം പ്രദേശത്തേയ്ക്ക് ലൈൻ ദീർഘിപ്പിക്കുന്ന തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി പവർലൈൻ മാപ്പ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഇത്തരത്തിൽ ചെലവഴിക്കുന്ന തുക ആവശ്യാധിഷ്ഠിതമാണോ എന്ന് കൃത്യമായി നിർണ്ണയിക്കാൻ സാധിക്കുന്നില്ല.

ബി) <u>കരാർ ചമച്ചിട്ടില്ല/വിനിയോഗവിവരം ലഭിച്ചിട്ടില്ല</u>

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം കെ.എസ്.ഇ.ബി.യ്ക്ക് തുക ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണവിവരങ്ങൾ ലഭിച്ചിട്ടില്ല. ആയതിനാൽ താഴെപ്പറഞ്ഞ പ്രോജക്ടുകൾക്ക് ചെലവഴിച്ച 6,20,226/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത സ്ഥാപനവുമായി നിയമാനുസൃതമുള്ള കരാർ തയ്യാറാക്കിയിട്ടുള്ളതായും കാണുന്നില്ല.

| പ്രോജക്ടിന്റെ വിവരങ്ങൾ | നിക്ഷേപിച്ച തുക | നിക്ഷേപവിവരങ്ങൾ |
|---|---|---|
| നം.23/19<br>ഇലക്ട്രിസിറ്റി ലൈൻ ദീർഘിപ്പിക്കൽ, മീറ്റർ ഘടിപ്പിക്കൽ | വികസനഫണ്ട് - 1,38,969 | ബിൽ നം.19/16.11.18<br>കെ.എസ്.ഇ.ബി. കുറവിലങ്ങാട് സെക്ഷൻ |
| നം.81/19<br>നെടുമ്പാറ പടിക്കുഴ പോസ്റ്റ് മാറ്റി സ്ട്രീറ്റ് മെയിൻ വലിക്കൽ | വികസനഫണ്ട് - 1,49,491 | ബിൽ നം.18/19.11.18<br>കെ.എസ്.ഇ.ബി. മരങ്ങാട്ടുപിള്ളി സെക്ഷൻ |
| നം.88/19<br>ആടിയനാൽ വെള്ളക്കാവ് തടിയനാനി പുത്തൻപുരപ്പടി ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ | വികസന ഫണ്ട് - 2,66,866 | ബിൽ നം.21/18.12.18<br>കെ.എസ്.ഇ.ബി. കുറവിലങ്ങാട് സെക്ഷൻ |
| നം.181/19<br>നാട്ടുകുന്ന് ഓലിക്കാട് റോഡ് സ്ട്രീറ്റ്ലൈൻ വലിക്കൽ | വികസനഫണ്ട് - 64,900 | ബിൽ നം.28/8.3.19<br>മരങ്ങാട്ടുപിള്ളി ഇലക്ട്രിക്കൽ സെക്ഷൻ |
| **ആകെ** | **6,20,226** | |

# 1-19 ഭവനനിർമ്മാണവായ്പ തിരിച്ചടവിൽ കാലതാമസം- പലിശയിനത്തിൽ വൻതുക ബാദ്ധ്യത

പഞ്ചായത്ത് ഭവനനിർമ്മാണപദ്ധതികൾ നടപ്പാക്കുന്നതിനായി 2015-16 വർഷം മുതൽ ഘട്ടംഘട്ടമായി മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്കിൽ നിന്ന് വായ്പ എടുത്തിരുന്നു. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 11.7.19 തീയതിയിൽ ആകെ വായ്പ തുക 78 ലക്ഷം രൂപയാണ്. ഇതിൽ 2018-19 വർഷം അടവാക്കിയ 4,50,000 രൂപ ഉൾപ്പടെ ആകെ മുതൽ തിരിച്ചടച്ചത് 26,02,000 രൂപ മാത്രമാണ്. പലിശയിനത്തിൽ നാളിതുവരെ അടച്ച തുക 19,07,893 രൂപയാണ്. ചെറിയ തുക മാത്രമാണ് ഓരോ വർഷവും വായ്പ മുതൽ തിരിച്ചടവിനായി വകയിരുത്തുന്നത്. ആയതിനാൽ പലിശയിനത്തിൽ വൻതുക അടയ്ക്കേണ്ടതായി വരുന്നു. ഇത് ഭാവിയിൽ പഞ്ചായത്തിന് വലിയ ബാദ്ധ്യതയായിത്തീരാൻ ഇടയുള്ളതിനാൽ വായ്പതിരിച്ചടവിന് പരമാവധി തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-20 സാസ്കാരിക നിലയത്തിലേക്ക് വാങ്ങിയ ടെലിവിഷൻ സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 19/19, എസ്.സി. സാംസ്കാരികനിലയത്തിലേക്ക് ഫർണീച്ചർ വാങ്ങൽ |
| ചെലവ് | 52,800(വികസനഫണ്ട്) |
| ബിൽ നം. | 3/18-19 തീ.31.10.18 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച എസ്.സി. സാംസ്കാരികനിലയത്തിലേക്ക് ടെലിവിഷൻ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം ജോജിൻ ഇൻഡസ്ട്രീസ് പാലാ എന്ന സ്ഥാപനത്തിൽ നിന്നും 32" ന്റെ രണ്ടു ടെലിവിഷനുകൾ വാങ്ങിയിട്ടുണ്ട്. ചുടലപ്പാറ സാംസ്കാരിക നിലയത്തിലേക്ക് വാങ്ങിയ ടെലിവിഷൻ സ്ഥാപിക്കാതെ അസിസ്റ്റന്റ് സെക്രട്ടറിയുടെ മുറിയ്ക്ക് സമീപം സൂക്ഷിച്ചിട്ടുണ്ട്. സാംസ്കാരിക നിലയത്തിന്റെ വയറിംഗിൽ അപാകതകൾ ഉള്ളതിനാലാണ് ടെലിവിഷൻ സ്ഥാപിക്കാത്തത് എന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. എൽ.ഇ.ഡി ടെലിവിഷനുകൾ 30.10.18 ൽ ലഭ്യമായതാണ്. വയറിങ്ങിലെ അപാകതകൾ നാളിതുവരെ പരിഹരിക്കുകയോ

ഉപകരണം സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ദീർഘകാലം പ്രവർത്തിപ്പിക്കാതിരിക്കുന്നത് ഉപകരണങ്ങൾ ഉപയോഗരഹിതമാകുന്നതിനിടയാക്കുന്നു. അടിസ്ഥാന സൗകര്യം ഉറപ്പാക്കാതെ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വാങ്ങൽ നടത്തുക വഴി തുക ചെലവഴിക്കുക എന്ന ഉദ്ദേശത്തോടെ മാത്രം പ്രോജക്ട് നടപ്പാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 52,800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-21 ആശ്രയ പദ്ധതി - വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് | 21/19 |
| ചെലവ് | 1,00,000 രൂപ |
| ബിൽ നം. | 4/18-19/19.12.18(കുടുംബശ്രീ എസ്.ബി.ഐ.-അക്കൗണ്ട് നം.67301221295) |

ആശ്രയ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 1,00,000 രൂപ പിൻവലിച്ച് കുടുംബശ്രീയുടെ എസ്.ബി.ഐ.യുടെ 67301221295 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. ചെലവ് ശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

ആശ്രയ പദ്ധതി യുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും അവസാനിച്ചപ്പോൾ അക്കൗണ്ടിൽ പ്ലാൻ ഫണ്ടുൾപ്പെടെയുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31.03.2019 ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | പലിശയുൾപ്പെടെയുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| ഒന്നാം ഘട്ടം | 4,04,656 | - | 6,30,359 |
| രണ്ടാംഘട്ടം | 2,27,159 | 250000 | 5,24,761 |

ഒന്നും രണ്ടും ഘട്ടങ്ങൾ അവസാനിക്കുമ്പോൾ പ്ലാൻ ഫണ്ടിൽ മാത്രം 2,50,000 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.2) ലഭിച്ച തുക ഉപയോഗിച്ച് നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായവർക്ക് ആനുകൂല്യം നൽകുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. സമൂഹത്തിൽ അവശതയനുഭവിക്കുന്നവരുടെ ഉന്നമനത്തിന് നിർവ്വഹണോദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. കൂടാതെ പ്ലാൻ ഫണ്ട് തുക മുൻകൂർ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രം വികസനഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. 2018-19 വർഷം ആശ്രയ അക്കൗണ്ടിലേക്ക് മാറ്റി നൽകിയ ഒരു ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. തുക വിനിയോഗിക്കാത്ത പക്ഷം സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

# 1-22 ബാലസഭ പ്രവർത്തനങ്ങൾ- അധികമായി തുക ചെലവഴിച്ചു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 82/19 |
| ചെലവ് | 50000(വികസനഫണ്ട്) |

മേൽ പ്രോജക്ട് പ്രകാരം ബാലസഭയുടെ പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് താഴെപറയു പ്രകാരം വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

| ഇനം | തുക |
|---|---|
| ബാലസഭ പ്രവർത്തനങ്ങൾ | 31,652 |
| പഠനയാത്ര | 18,348 |
| ആകെ | 50,000 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ.(എം.എസ്.) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 7.6.17 പ്രകാരം ബാലസഭ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുതല പ്രവർത്തനങ്ങൾക്ക് പരമാവധി 40,000 രൂപ മാത്രമാണ് പഞ്ചായത്ത് തലത്തിൽ ചെലവഴിക്കാവുന്നത്. ടി പരിധി പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.3/3.9.19)വ്യക്തമായ മറുപടി നൽകിയിട്ടില്ല. ബാലസഭയിലെ കുട്ടികളുടെ ആവശ്യങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് പരിധി പാലിക്കേണ്ടതില്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. മാർഗ്ഗരേഖ പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്

# 1-23 വൃദ്ധജനങ്ങൾക്ക് പരിരക്ഷ - പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 106/18-19 |
| ചെലവ് | 1,50,766(വികസനഫണ്ട്) |
| ബിൽ നം. | 9/30.10.18 |

പി.എച്ച്.സി., മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് പ്രകാരം കാരുണ്യ മെഡിക്കൽ സർവ്വീസസിൽ നിന്ന് 1,50,766 രൂപയുള്ള പ്രോട്ടീൻ പൗഡർ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)11/18/തസ്വഭവ/29.1.18 പ്രകാരം കിടപ്പുരോഗികൾക്ക് പോഷകാഹാരവിതരണം, പകൽവീട് സൗകര്യം ഉപയോഗപ്പെടുത്തുന്നവർക്ക് കുടുംബശ്രീ മുഖേന പാകം ചെയ്ത ഉച്ചഭക്ഷണം നൽകൽ, ആശ്രയപ്രോജക്ടിൽ ഉൾപ്പെട്ട വൃദ്ധർക്ക് സൗജന്യ ഭക്ഷ്യധാന്യ വിതരണം എന്നിവ നൽകാമെന്നാണ് പ്രതിപാദിക്കുന്നത്. പദ്ധതിമാർഗ്ഗയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അനുമതി കൂടാതെ പ്രോജക്ട് ഏറ്റെടുത്തു നടപ്പാക്കിയത് ക്രമവിരുദ്ധമാണ്.

2) മെഡിക്കൽക്യാമ്പ് നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പരിശോധനയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നതിനു പകരം പൊതുവായി പ്രോട്ടീൻ പൗഡർ മാത്രമാണ് വാങ്ങിയിട്ടുള്ളത്.

3) രേഖകളുടെ അഭാവത്തിൽ ലഭിച്ച മരുന്നുകൾ എപ്രകാരമാണ് വിതരണം ചെയ്തതെന്നും പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേല്പറഞ്ഞ കാരണങ്ങളാൽ വയോജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി നടപ്പാക്കിയ പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി വിലയിരുത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ 1,50,766/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് രൂപീകരണത്തിലെയും നിർവ്വഹണത്തിലെ അപാകതകൾ ആരോഗ്യകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വിശദമായി പരിശോധിക്കേണ്ടതും പരിശോധനാറിപ്പോർട്ട് ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

# 1-24 മരുന്നുകൾ ലഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്ടിന്റെ വിവരങ്ങൾ | ചെലവ്(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | മരുന്നുകൾ ലഭിച്ചത് | ലഭിക്കാൻ ശേഷിക്കുന്നത് |
|---|---|---|---|

| | | | |
|---|---|---|---|
| ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൾ | 5 ലക്ഷം രൂപ<br>(ബിൽ നം.1/12.11.18)<br>ഹോംകോ ആലപ്പുഴയ്ക്ക് നൽകി | ലഭിച്ചിട്ടില്ല | 5 ലക്ഷം രൂപ |
| ആയുർവേദാശുപത്രിയ്ക്ക് മരുന്ന വാങ്ങൽ | 6 ലക്ഷം രൂപ<br>(ബിൽ നം.1/)<br>ഔഷധിയ്ക്ക് നൽകി | 5,53,433 | 46,567 രൂപ |
| **ആകെ** | | | **5,46,567** |

മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ 5,46,567 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം- സംബന്ധിച്ച്

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100115 | സമ്പൂർണ്ണ ശുചിത്വം | 2,25,925 |
| 2 | 320100116 | സർവ്വ ശിക്ഷ അഭിയാൻ | 70,242 |
| 3 | 320100126 | പൈക്ക ഫണ്ട് | 3,284 |
| 4 | 320200207 | ഫണ്ട് ഫോർ ട്രാൻസ്ഫേർഡ്- ഇൻസ്റ്റിറ്റ്യൂഷൻസ്- ആയുർവ്വേദം- ക്യാപിറ്റൽ | 75,000 |
| 5 | 320200302 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ട് | 67,389 |
| 6 | 320200309 | സാക്ഷരത ഗ്രാന്റ് | 57,030 |
| 7 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 4,94,929 |

കൂടാതെ B9 ഷെഡ്യൂളിൽ താഴെപറയുന്ന ശീർഷകത്തിൽ താഴെപറയുന്ന തുകകൾ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 350300108 | സർക്കാർ ഡ്യൂസ് -റോയൽറ്റി | 5,000 |
| 350300199 | സർക്കാർ ഡ്യൂസ് -മറ്റിനങ്ങൾ | 1,25,550 |

ബി4 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയതുകകൾ ചെലവഴിക്കാത്തതിനും ബി9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകൾ സർക്കാരിലേക്ക് അടവാക്കാത്തതിനും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഗ്രാന്റ് അതാത് ശീർഷകത്തിലേക്കും ബി4

ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുക ചെലവഴിക്കാത്തപക്ഷം അതാത് സ്ഥാപനങ്ങളിലേക്കും തിരികെ അടവാക്കേണ്ടതാണ്

## 1-26 ബാരൽവില നിശ്ചിത ശീർഷകത്തിൽ അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. മേൽവിഷയം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.9/03.09.2019) ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ സോഫ്റ്റ്‌വെയർ വഴി ബില്ലുകൾ തയ്യാറാക്കുമ്പോൾ ഓരോ പ്രവർത്തിയോടും ഒപ്പമുള്ള ഡിഡക്ഷന്റെ അക്കൗണ്ടുകൾ മാപ്പ് ചെയ്തിരിക്കുകയാണെന്നും, വർക്ക്ബിൽ ഡിഡക്ഷനിൽ "sale of empty and waste materials”എന്ന ശീർഷ കത്തിൽ ടാർവീപ്പയുടെ വില രേഖപ്പെടുത്തുമ്പോൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആകുന്ന രീതിയിലാണ് അക്കൗണ്ട് മാപ്പ് ചെയ്തിട്ടുള്ളതെന്നും നിർവ്വഹണോദ്യോഗസ്ഥന് മാറ്റം വരുത്താൻ സാധിക്കില്ല എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. തനതുഫണ്ടിലേക്ക് ബാരൽവിലയിനത്തിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള വിവിധ സർക്കാർ ഫണ്ടുകൾ അതാതു ഫണ്ടിനുള്ള നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-27 വിട്ടു കിട്ടിയ സ്ഥലം നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടില്ല

പൂവത്തുങ്കൽ മണിയാക്കുപാറ റോഡിനായി സ്ഥലം സറണ്ടർ ചെയ്യുന്നതിന് പ്രദേശവാസികൾ സമ്മതപത്രം നൽകിയിരുന്നു. ലാൻഡ് റെലിൻക്വിഷ്മെന്റ് പത്രികകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ പേരിൽ ചേർത്തിട്ടില്ല. തുടർനടപടികൾ സ്വീകരിക്കുന്നതിനു റവന്യൂ അധികൃതരോട് അഭ്യർത്ഥിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 24.05.18ലെ കമ്മിറ്റി തീരുമാനിച്ചിരുന്നെങ്കിലും(അജണ്ട - 2തീരുമാനം-1) തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പൊതുജനങ്ങൾ സ്വമേധയാ സറണ്ടർ ചെയ്യുന്ന സ്ഥലങ്ങൾ പഞ്ചായത്തിന്റെ പേരിൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഹരിതകേരളം മാലിന്യനിർമ്മാർജ്ജനപരിപാടി- ആത്യന്തികലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 150/19 |
| ചെലവ് | 57,653(വികസനഫണ്ട്) |
| പ്രോജക്ട് നം. | 27/19 |
| ചെലവ് | 2,21,777(വികസനഫണ്ട്-217142, തനതുഫണ്ട്-4635) |

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുക എന്നതാണ് മേല്പറഞ്ഞ പ്രോജക്ടുകളുടെ ലക്ഷ്യം. എന്നാൽ പല വാർഡുകളിലും ഹരിതകർമ്മസേന സജ്ജമാകാത്തതിനാൽ പഞ്ചായത്ത് മുഴുവനായി പ്രസ്തുത പ്രോജക്ട് നടപ്പാക്കാനും പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം എന്ന ആത്യന്തികലക്ഷ്യം കൈവരിക്കാനും സാധിച്ചിട്ടില്ല. പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് വീടുകൾക്ക് യൂസർഫീ നിശ്ചയിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രാഥമികചെലവുകൾ വഹിക്കുന്നതിനായി പരമാവധി 6 മാസത്തേയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നീക്കിവെയ്ക്കാവുന്നതാണെങ്കിലും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് യൂസർഫീ നിശ്ചയിക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ പ്രോജക്ട് ലക്ഷ്യം

കൈവരിക്കുന്നതിന് എല്ലാ വാർഡുകളിലും ഹരിതകർമ്മസേനയുടെ പ്രവർത്തനം ഉറപ്പാക്കുകയും നിശ്ചിതനിരക്കിൽ യൂസർഫീ ഈടാക്കുകയും ചെയ്യേണ്ടതാണ്.

# 1-29 കൈമാറിക്കിട്ടിയ സ്കൂളുകളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല

നാല് പ്രൈമറി വിദ്യാലയങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുണ്ട്. ഈ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ പഞ്ചായത്ത് ശ്രദ്ധ പതിപ്പിച്ചിട്ടില്ല. 2018-19 വർഷവും ടി ആവശ്യത്തിലേക്ക് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല. ഭൗതികപരിശോധന നടത്തിയ ആണ്ടൂർ ഗവ.എൽ.പി. സ്കൂളിന്റെയും മണ്ണയ്ക്കനാട് എൽ.പി. സ്കൂളിന്റെയും കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിൽ കാണപ്പെട്ടു.

**<u>ആണ്ടൂർ ഗവ.എൽ പി സ്കൂൾ</u>**

സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നെസ്സ് സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ക്ലാസ്സുകൾ വേറിട്ടുനിൽക്കുന്ന രണ്ടു മുറികളിലും ഓഫീസ് മുറിയിലും അടുക്കളയിലുമാണ് പ്രവർത്തിക്കുന്നത്. അനുയോജ്യമായ കെട്ടിടസൗകര്യം ഇല്ലാത്തതിനാൽ കുട്ടികൾക്ക് നല്ല പഠനാന്തരീക്ഷംപ്രദാനം ചെയ്യാൻ സാധിക്കുന്നില്ല. സ്കൂളിന് ലൈബ്രറി, ലാബ് സൗകര്യങ്ങളുമില്ല. ആറാം വാർഡിലെ 71-ാം അങ്കണവാടിയും സ്കൂളിന്റെ ഒരു മുറിയിലാണ് പ്രവർത്തിക്കുന്നത്. സ്ഥലപരിമിതി ഉള്ള സ്കൂളിന് അങ്കണവാടിയുടെ പ്രവർത്തനം കൂടുതൽ അസൗകര്യം ഉണ്ടാക്കുന്നു. സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി മാറ്റാത്തതിനാൽ പഴയകെട്ടിടം പൊളിക്കുന്നതിനും പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനും വിദ്യാഭ്യാസവകുപ്പിന്റെ അനുമതി ലഭിക്കില്ല എന്ന് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. എങ്കിലും അങ്കണവാടിയുടെ പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനോ സ്കൂൾ കെട്ടിടം നവീകരിക്കുന്നതിനോ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. 37 സെന്റ് സ്ഥലം സ്വന്തമായി ഉള്ള സ്കൂളിന് പുതിയ കെട്ടിടം ലഭ്യാക്കുന്നതിനും, അനുയോജ്യമായ സ്ഥലം കണ്ടെത്തി അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**<u>മണ്ണയ്ക്കനാട് യു.പി. സ്കൂൾ</u>**

എൽ.പി.സ്കൂളിന്റെ കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. പ്രീപ്രൈമറി ഉൾപ്പെടെ 73 കുട്ടികൾ പഠിക്കുന്ന സ്കൂളിന് ടോയ്‌ലെറ്റ്, കളിസ്ഥലം, ലാബ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. സ്കൂൾ കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

മതിയായ ഫണ്ട് ഉണ്ടായിട്ടും കൈമാറിക്കിട്ടിയ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-30 ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല

കേരളാ പഞ്ചായത്ത് രാജ് എക്കൗണ്ട് ചട്ടങ്ങൾ 2011 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ റ്റി.ആർ.7എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരം രേഖപ്പെടുത്തുകയും കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ചെക്ക്, ഡിഡി എന്നിവ ലഭിക്കുമ്പോൾ ക്യാഷ് ബുക്കിന്റെ വരവ് കോളത്തിൽ രേഖപ്പെടുത്തണം എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വരവുചെലവ് രേഖപ്പെടുത്തി ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് വരവ് വിവരം സ്ഥാപനത്തിന്റെ ടി ആർ 7A ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ ഇല്ല

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ ഇല്ല

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിന്മേൽ ഭരണതല തുടർനടപടികളും ബാധകമായ നിയമങ്ങൾ/ ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 29.5.19-30.5.19 | കെ.എസ്.എ-കെ.ടി.എം.പി4/775/19 തീ.4.6.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 29.9.18 | 4,57,250 | ക്ഷീര കർഷകർക്ക് കാലിത്തീറ്റ ഇൻസന്റീവ് (വനിത) | 4,57,250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 16.11.18 | 1,40,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,40,000 | 0 |
| ബ്ലോക്ക് | 29.11.18 | 1,38,890 | നെൽകൃഷി വികസന പദ്ധതി | 1,38,890 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 13.7.18 | 3,22,860 | ലൈഫ് മിഷൻ-ജനറൽ വിഭാഗം | 3,22,860 | 0 |
| ജില്ലാ പഞ്ചായത്ത് | 22.9.18 | 2,03,920 | ലൈഫ് മിഷൻ-ജനറൽ വിഭാഗം | 2,03,920 | 0 |
| ജില്ലാ പഞ്ചായത്ത് | 20.3.19 | 2,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,25,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ്ലൈറ്റ് മെയിൻ വലിക്കൽ | 21800114 | 64,900 | 0 | 64,900 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ്ലൈറ്റ് മെയിൻ വലിക്കൽ | 21800819 | 2,66,866 | 0 | 2,66,866 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ്ലൈറ്റ് മെയിൻ വലിക്കൽ | 21800693 | 1,49,491 | 0 | 1,49,491 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ്ലൈറ്റ് മെയിൻ വലിക്കൽ | 21800692 | 1,38,969 | 0 | 1,38,969 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പഞ്ചായത്ത് ഭവനപദ്ധതി | | 54,68,000 | 1,80,000 | 4,50,000 | -- | 51,98,000 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി-കെ.യു.ആർ. ഡി.എഫ്. സി. ലോൺ | ജി.ഒ. (എം.എസ്.)68/ 2018/ എൽ.എസ്.ജി.ഡി. തീയതി 18.05.2018 | -- | 8,95,020 | -- | -- | 8,95,020 |

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തിരിച്ചടക്കാനവശേഷിക്കുന്ന പലിശയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കെ.യു.ആർ.ഡി.എഫ്.സി. ലോൺ വിവരങ്ങൾ ലോൺ രജിസ്റ്ററിൽ ചേർത്തിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|---|
| 1 | മരങ്ങാട്ടുപിള്ളി സർവീസ് സഹകരണ ബാങ്ക് | FD No.44037 തീ.2.1.08 | 15,000 |
| 2 | മരങ്ങാട്ടുപിള്ളി സർവീസ് സഹകരണ ബാങ്ക് | FD No.50596 തീ.11.2.10 | 10,000 |
| **ആകെ** | | | **25,000** |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിനത്തിൽ തൻവർഷം ലഭിച്ച 7,085/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2016-17 | 3.2 | 7,085 | ടി.കെ.സിറിയക്, കോൺട്രാക്ടർ | 118030101147/25.9.18 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008- | 3.3 | 2011-12 | 2.6 | നിക്ഷേപ പ്രവൃത്തികൾ | നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| 09 | | | | നടപടിക്രമങ്ങൾ പാലിക്കുന്നില്ല കെ.എസ്.ഇ.ബി. 97360 | സമിതിയുടെ പരിഗണനയിലാണ് |
| | | 1998 | II 9(1) | നോമിനേഷൻ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത ഉപാധിരഹിത ഫണ്ട് ഇനത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 1.10.96 മുതൽ 31.3.97 വരെ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച തുക -1,90,077/- രൂപ | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,66,76,975 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,17,52,771 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,12,188 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,41,829 | ഡോ.ഷീബ സ്റ്റീഫൻ, സെക്രട്ടറി |
| 1-18(ബി) | 6,20,226 | ഡോ.ഷീബ സ്റ്റീഫൻ, സെക്രട്ടറി |
| 1-20 | 52,800 | ശ്രീമതി റാണി തണ്ടാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 1,00,000 | ശ്രീമതി റാണി തണ്ടാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 1,50,766 | ഡോ.ജെയ്മി ജെയ്സൺ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-24 | 5,00,000 | ഡോ.വേണുകുമാർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-24 | 46,567 | ഡോ.പ്രീതി ജി.നായർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| **ആകെ** | **16,12,188** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**
ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 2018-39(2)18/09.01.18 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 2018/39(3)/18/09.01.18 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(4)18/09.01.18 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(6)/18/09.01.18 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(7)/09.01.18 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(8)/09.01.18 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(9)/09.01.18 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(10)/09.01.18 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(11)/09.01.18 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(12)/09.01.18 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(13)/09.01.18 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി4/1124/ 16/23.2.17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി4/1174/ 15.11.17 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി4/1514/ 17/9.10.17 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി4/315/19/17.4.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി4-1397/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി:10.10.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം